# അലകൾ

ദ്വൈവാരിക

(കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷന്റെ മുഖപത്രം)



**അലകളുടെ വരിസംഖ്യ പുതുക്കുക**

**അലകൾ തപാലിൽ ലഭിക്കാൻ 50 രൂപ മണിയോർഡറായി അയക്കുക**

*വിലാസം*

മാനേജർ, അലകൾ, ഗരുഡാ ബിൽഡിംഗ്സ്,
ജി.പി.ഒ. ലെയിൻ, സ്റ്റാച്ചൂ,
തിരുവനന്തപുരം - 695 001



പുസ്തകം 3 ലക്കം 92 ❖ തിരുവനന്തപുരം ❖ 2011 ജൂൺ 16-30 www.alakal.net വില 2 രൂപ


## മത്സ്യതൊഴിലാളികൾ ദേശവ്യാപകമായി പ്രക്ഷോഭത്തിലേയ്ക്ക്

തിരുവനന്തപുരം: കേന്ദ്ര പരിസ്ഥിതി - വനം മന്ത്രാലയം പുറപ്പെടുവിച്ച "തീരദേശ നിയന്ത്രണ വിജ്ഞാപനം 2011" മത്സ്യതൊഴിലാളികൾക്ക് പൊതുവെ സ്വീകാര്യമല്ലെന്നും, മത്സ്യതൊഴിലാളി സമൂഹത്തിന് പ്രയോജനകരമാകുംവിധം അവയിൽ മാറ്റം വരുത്തണമെന്നും നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറവും കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷനും ആവശ്യപ്പെട്ടു. ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടുകൂടി തീരക്കടലും കടലോരവും ഘട്ടംഘട്ടമായി മത്സ്യതൊഴിലാളി സമൂഹത്തിന് അന്യമാകും വിധം തീരദേശ പരിപാലന പദ്ധതിക്കുള്ള ഭൂപടം തയ്യാറാക്കാനാണ് കേന്ദ്ര സർക്കാർ പദ്ധതിയിട്ടിരിക്കുന്നത്. സംസ്ഥാന സർക്കാരും ഇതിന് കൂട്ടുനിൽക്കുകയാണ്. ഇന്ത്യയുടെ തീരഗ്രാമങ്ങളിൽ ആണവ നിലയങ്ങൾക്ക് യഥേഷ്ടം അനുമതി നൽകിവരുന്നു. കടലിലൂടെ പൈപ്പുലൈൻ സ്ഥാപിക്കുന്നതിനും അനുമതി നൽകുന്നു. ഇതിന്റെ ഭാഗമായി കൊച്ചിയിലെ എൽ.എൽ.ജി. ടെർമിനലിൽ നിന്നും കായംകുളം താപവൈദ്യുത നിലയത്തിലേക്ക് പ്രകൃതി വാതകമെത്തിക്കാൻ 90 കിലോമീറ്റർ തീരക്കടലിലൂടെയാണ് പൈപ്പുലൈൻ സ്ഥാപിക്കാൻ പദ്ധതിയിട്ടിരിക്കുന്നത്. കടലിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥയെക്കുറിച്ചോ മത്സ്യതൊഴിലാളികളുടെ തൊഴിൽ നഷ്ടത്തെക്കുറിച്ചോ, ചർച്ചപോലും ചെയ്തിട്ടില്ല. 12 നോട്ടിക്കൽ മൈൽ കടൽപ്രദേശവും തീരദേശ നിയന്ത്രണ പരിധിയിൽ കൊണ്ടുവന്നതിന്റെ വെളിച്ചത്തിലാണ് ഇത്തരം പദ്ധതികൾക്ക് അനുമതി ലഭിക്കുന്നത്. മറൈൻ പാർക്കുകൾ, സമുദ്ര സംരക്ഷിത മേഖലകൾ, കപ്പൽ പൊളികേന്ദ്രങ്ങൾ എന്നിവ പ്രഖ്യാപിക്കുകയും അവിടേയ്ക്ക് മത്സ്യതൊഴിലാളികളെ പ്രവേശിപ്പിക്കാതിരിക്കുകയുമാണ് ചെയ്യുന്നത്.

മത്സ്യആവാസ കേന്ദ്രങ്ങൾ തിട്ടപ്പെടുത്തി, അവിടെ മാത്രം മത്സ്യതൊഴിലാളികൾക്ക് മത്സ്യബന്ധനാനുമതി നൽകുവാനും മറ്റിടങ്ങളിൽ നിരോധനം ഏർപ്പെടുത്തുവാനും അണിയറ നീക്കം നടക്കുകയാണ്. തീരക്കടലിൽ എല്ലായിടത്തും മത്സ്യപ്രജനനം നടക്കുകയും മത്സ്യആവാസകേന്ദ്രങ്ങൾ കാണപ്പെടുകയും ചെയ്യുന്നതായി വിവിധ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. മത്സ്യതൊഴിലാളികളുടെ അനുഭവവും അതുതന്നെയാണ് തെളിയിക്കുന്നത്. മത്സ്യതൊഴിലാളികളെ കുടിയിറക്കുവാനും ടൂറിസ്റ്റ് ലോബികൾക്കും നിർമ്മാണ ലോബികൾക്കും, വ്യാവസായ ലോബികൾക്കും, റിയൽ എസ്റ്റേറ്റുകാർക്കും തീരക്കടലും കടലോരവും കൈമാറാനുള്ള ഗൂഢലക്ഷ്യമാണ് ഇതിനുപിന്നിലുള്ളത്.

തീരദേശ പരിപാലന പദ്ധതിയുടെ നടത്തിപ്പിനായുള്ള ദേശീയ - സംസ്ഥാന കമ്മിറ്റികളിൽ മത്സ്യതൊഴിലാളി സമൂഹത്തിന്റെ പ്രാതിനിധ്യം ഉറപ്പാക്കണമെന്ന ആവശ്യം തീരദേശ നിയന്ത്രണ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

"തീരക്കടലും കടലോരവും മത്സ്യതൊഴിലാളികൾ കാത്തുസൂക്ഷിക്കും" എന്ന മുദ്രാവാക്യമുയർത്തികൊണ്ട് ക്വിറ്റ് ഇന്ത്യാ ദിനമായ ആഗസ്റ്റ് 9 ന് മത്സ്യതൊഴിലാളികൾ ദേശവ്യാപകമായി പ്രക്ഷോഭത്തിന് തുടക്കം കുറിക്കും. അന്നേ ദിവസം എല്ലാ തീരദേശ സംസ്ഥാനങ്ങളിലും കേന്ദ്ര-സംസ്ഥാന സർക്കാർ ഓഫീസുകൾക്ക് മുന്നിൽ പ്രകടനവും ധർണ്ണയും നടത്തും. വൈകുന്നേരം പൊതു സമ്മേളനങ്ങളും നടത്തും. തുടർന്ന് ജില്ലാതല പ്രചരണ പരിപാടികൾ സംഘടിപ്പിക്കും. പ്രധാനമന്ത്രി, യു.പി.എ. കൺവീനർ, പരിസ്ഥിതി-വനം വകുപ്പ് മന്ത്രി എന്നിവർക്ക് ഇതു സംബന്ധിച്ച് കത്തുകൾ അയയ്ക്കുവാനും ജൂൺ 15 ന് ചെന്നൈയിൽ ചേർന്ന നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറം എക്സിക്യൂട്ടീവ് യോഗം തീരുമാനിച്ചു. എൻ.എഫ്.എഫ്. ചെയർപേഴ്സൺ മത്താനി സൽദാന അദ്ധ്യക്ഷത വഹിച്ചു.

പത്രസമ്മേളനത്തിൽ നാഷണൽ ഫിഷ്വർക്കേഴ്സ് ഫോറം സെക്രട്ടറി ടി. പീറ്റർ, കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ ജനറൽ സെക്രട്ടറി പി.പി. ജോൺ, ഫെഡറേഷൻ ജില്ലാ പ്രസിഡന്റ് വലേരിയൻ ഐസക്, സെക്രട്ടറി ആന്റോ ഏലിയാസ് എന്നിവർ പങ്കെടുത്തു.

## മത്സ്യതൊഴിലാളി വികസന ഫണ്ട് വകമാറ്റുന്നു

ഭവന നിർമ്മാണം, കുടിവെള്ളം, സാനിറ്റേഷൻ, തീരദേശ റോഡുകൾ എന്നി അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര ധനകാര്യ കമ്മിഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് തുക അനുവദിക്കാറുണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷൻ (2011-15) അനുവദിച്ച 200 കോടി രൂപയിൽ 120 കോടി രൂപ മാർക്കറ്റ് നിർമ്മാണത്തിന് മാത്രമായി മാറ്റുന്നതിന് ഫിഷറീസ് വകുപ്പ് നടപടികൾ ആരംഭിച്ചു. ബാക്കി തുക കൂടി മാർക്കറ്റ് നിർമ്മാണത്തിനായി മാറ്റി, ഒരു മത്സ്യ മാർക്കറ്റിന് 4 കോടി രൂപ വച്ച്, 50 മാർക്കറ്റുകൾ നിർമ്മിക്കുവാനുള്ള ഉദ്യോഗസ്ഥതല സമ്മർദ്ദം ഉണ്ട്. ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലുള്ള പദ്ധതികൾ ഫിഷറീസ് വകുപ്പ് നേരിട്ടാണ് ഇതുവരെ നിർവ്വഹിച്ചുവന്നിരുന്നത്. മാർക്കറ്റ് നിർമ്മാണം മാത്രം ഉൾപ്പെടുത്തി ഫണ്ട് മുഴുവൻ തീരദേശ വികസന കോർപ്പറേഷൻ വഴി വിഴുങ്ങാൻ ഒരു മുൻ ഫിഷറീസ് ഡയറക്ടറുടെ നേതൃത്വത്തിൽ അണിയറ പ്രവർത്തനം നടന്നുവരുന്നതായി ആക്ഷേപം ഉയർന്നിരിക്കുന്നു. ഹൈദരാബാദിലെ (എൻ.ഐ.ആർ.ഡി) NIRD എന്ന സ്ഥാപനം വഴി കേരളത്തിന്റെ തീരപ്രദേശത്ത് സമഗ്ര സർവ്വേ നടക്കുകയും മത്സ്യതൊഴിലാളികളുടെ സാമൂഹ്യ സൗകര്യ വികസനത്തിനായി 2000 കോടി രൂപ വേണ്ടി വരുമെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഈ തുക ബാഹ്യ സ്രോതസ്സുകളിൽ നിന്നും കണ്ടെത്തി, തീരദേശത്തെ അടിസ്ഥാന പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കുന്നതിനാണ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സംസ്ഥാന സർക്കാർ സ്ഥാപിച്ചത്. എന്നാൽ പ്രസ്തുത പ്രവർത്തനങ്ങൾക്ക് വേണ്ടി പ്രാഥമിക പരിഗണന പോലും നൽകാതെ മത്സ്യമാർക്കറ്റ് നിർമ്മാണത്തിൽ വ്യാപൃതമാകാനാണ് കോർപ്പറേഷൻ ശ്രമിച്ച് വരുന്നത്. തൃശ്ശൂർ, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളുടെ തീരദേശ വികസനത്തിനായി സംസ്ഥാന സർക്കാർ പ്രത്യേക ഗ്രാന്റായി അനുവദിച്ച 23.60 കോടി രൂപയിൽ തീരദേശ വികസന കോർപ്പറേഷന്റെ പിടിപ്പുകേട് മൂലം വെറും 1.65 കോടി രൂപ മാത്രമാണ് കഴിഞ്ഞ ഒന്നര വർഷമായി ചെലവഴിച്ചത്.

മത്സ്യതൊഴിലാളി വനിതകൾ മത്സ്യ വിപണനം നടത്തുന്ന മാർക്കറ്റുകളിൽ ടോയിലറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ, കുത്തിയിരുന്ന് വിൽക്കുന്നത് ഒഴിവാക്കുന്നതിനുമായിട്ടാണ് മത്സ്യ മാർക്കറ്റ് നവീകരണ പദ്ധതി ഫിഷറീസ് വകുപ്പ് 9-ാം പഞ്ചവസത്സര പദ്ധതി മുതൽ ഏറ്റെടുത്തത്. എന്നാൽ കഴിഞ്ഞ രണ്ട് വർഷങ്ങളായി ഇതിൽ നിന്നും തികച്ചും മാറി 2.5 കോടി മുതൽ 4 കോടി വരെ നിർമ്മാണ ചെലവ് വരുന്ന രീതിയിലുള്ള കൂറ്റൻ മാർക്കറ്റുകളാണ് തീരദേശ വികസന കോർപ്പറേഷൻ വിഭാവന ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ കോർപ്പറേഷൻ നേരിട്ട് നിർമ്മാണ പ്രവർത്തനം നടത്തുന് ആലുവ, മൂവാറ്റുപുഴ, പത്തനംതിട്ട മാർക്കറ്റുകളിൽ മത്സ്യതൊഴിലാളി സ്ത്രീകൾ മത്സ്യ വിൽപ്പന നടത്തുന്നതുമില്ല. നിർമ്മാണ പ്രവർത്തനം നടത്താനുള്ള ചില ഉദ്യോഗസ്ഥരുടെ താല്പര്യമാണ് ഇതിന് പിന്നിലുള്ളത്. കൂറ്റൻ മത്സ്യ മാർക്കറ്റുകൾക്ക് പകരമായി റോഡരികിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ മത്സ്യ വില്പന ബേകൾ സ്ഥാപിക്കണമെന്ന മത്സ്യതൊഴിലാളി സ്ത്രീകളുടെ വർഷങ്ങളായുള്ള ആവശ്യം കൺസ്ട്രക്ഷൻ മാഫിയയ്ക്കു കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർ കണ്ടില്ലെന്ന് നടിക്കുകയാണ്.

തീരദേശ വികസനത്തിന്റെ പ്രവർത്തനങ്ങൾ ഒന്നും തന്നെ നേരിട്ട് നിർവ്വഹിക്കാത്ത കോർപ്പറേഷൻ, മത്സ്യമാർക്കറ്റുകളുടെ നിർമ്മാണ പ്രവൃത്തി നേരിട്ടാണ് നിർവ്വഹിക്കുന്നത്. അഴിമതിയ്ക്ക് സഹായകരമായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നീ തസ്തികകളിൽ താല്പര്യമുള്ളവരെ മാത്രം കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. ആർ.കെ.വി.വൈ. (RKVY) പദ്ധതി പ്രകാരം മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിക്കായി ഫിഷറീസ് വകുപ്പ് അനുവദിച്ച തുകയിൽ 90% ഉം വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. കാസർഗോഡ് ഹാർബർ നിർമ്മാണത്തിനായി 29 കോടി രൂപ ഇതിൽ നിന്നും വകമാറ്റിയിരിക്കുന്നു.

മത്സ്യതൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പകരം മത്സ്യത്തൊഴിലാളികൾക്ക് ഗുണകരമല്ലാത്ത രീതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിച്ച ഒരു മേലുദ്യോഗസ്ഥനെ കഴിഞ്ഞ സർക്കാരിന്റെ അവസാന നാളിൽ സ്ഥലം മാറ്റിയിരുന്നു. ഈ പശ്ചാത്തലത്തിലായിരിക്കാം അദ്ദേഹം തീരദേശ വികസന കോർപ്പറേഷനിൽ വരാൻ വീണ്ടും ശ്രമിക്കുന്നത്

മത്സ്യതൊഴിലാളികൾ കരുതിയിരിക്കുക!

# തകരുന്ന കടൽത്തീരം

- എസ്. രവീന്ദ്രൻ നായർ *(മുൻ ഫിഷറീസ് ജോയിന്റ് ഡയറക്ടർ)*

പരമ്പരാഗത മത്സ്യതൊഴിലാളി സമൂഹം എക്കാലത്തും ഉയർന്ന മൂല്യങ്ങളും ദൃഢമായ വിശ്വാസങ്ങളും വച്ചുപുലർത്തിയിരുന്നു. കടലും തീരവും അവരുടെ പൊതുസ്വത്തായി കണ്ടിരുന്നു. കടൽ ദേവത ഉണ്ടെന്നും കടൽ അമ്മയാണെന്നും അവർ വിശ്വസിച്ചു, ആരാധിച്ചു. ജാതിമതഭേദമന്യേ മത്സ്യതൊഴിലാളികൾ കടൽത്തീരത്ത് ആരാധനാലയങ്ങൾ സ്ഥാപിച്ചു. അങ്ങനെ കടൽ തീരം ആരാധന പ്രാദേശങ്ങളായും മാറി. തീരത്തെ സംരക്ഷിക്കേണ്ട ചുമതല അവർ സ്വയം ഏറ്റെടുത്തിരുന്നു. ദേവപ്രീതിക്കുള്ള മാർഗ്ഗം തീരസംരക്ഷണമാണെന്ന് അവർ വിശ്വസിച്ചിരുന്നു. ഈ വിശ്വാസത്തിലാണ് ഭരണകൂടം 1970 കളിൽ അവിടേക്ക് കടന്നുകയറിയത്. തീരസംരക്ഷണം സർക്കാരുകളുടെ മുഖ്യകാര്യപരിപാടിയായി മാറി. തീരസംരക്ഷണത്തിനായി കഴിഞ്ഞ 40 വർഷത്തിലേറെയായി ഒട്ടേറെ നിയമങ്ങൾ സർക്കാർ പുറത്തിറക്കി. വൻ തുകകൾ ചെലവഴിച്ച് തീരസംരക്ഷണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി. എന്നിട്ട് എന്ത് സംഭവിച്ചു?

ഇത്രയും ആമുഖമായി എഴുതാനുള്ള കാരണം ബഹു. കേന്ദ്രമന്ത്രി ശ്രീ. ജയറാം രമേശ് 13-6-2011 ൽ കേരള തീരത്തെപ്പറ്റി നടത്തിയ വെളിപ്പെടുത്തലുകളാണ്.

**ബഹു: പരിസ്ഥിതി മന്ത്രിയുടെ വെളിപ്പെടുത്തലുകൾ**

1. നാഷണൽ സെന്റർ ഫോർ കോസ്റ്റൽ സോൺ മാനേജ്മെന്റ് സൊസൈറ്റി ഓഫ് ഇന്റഗ്രേറ്റഡ് കോസ്റ്റൽ മാനേജ്മെന്റ് എന്നീ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രിലയം തീര പ്രദേശങ്ങളുടെ ഇപ്പോഴത്തെ ഭൂപടം തയ്യാറാക്കി പഠനത്തിന് വിധേയമാക്കി.
2. കേരളത്തിലെ 590 കി.മീറ്റർ ദൈർഘ്യമുള്ള കടൽ തീരത്തിൽ കേവലം 47 കി: മീറ്റർ പ്രദേശം (8%) മാത്രമാണ് ദൃഢതയുള്ളത്. ബാക്കി പ്രദേശങ്ങൾ മുഴുവൻ പല തോതിലുള്ള ദുർബല പ്രദേശങ്ങളായി മാറിയിരിക്കുന്നു.
3. കേരളതീരത്തെ 375 കി: മീറ്റർ (63.3%) പ്രദേശം ദ്രവീകരിച്ച് പതുക്കെപതുക്കെ നശിച്ചുകൊണ്ടിരിക്കുന്നു. ഇതിൽ 320 കി. മീറ്റർ പ്രദേശം കൃത്രിമ തീരങ്ങളാണ്. കൃത്രിമ തീരങ്ങൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത് കടൽ ഭിത്തി, കടലിൽ കല്ലിടൽ, പുലിമുട്ടുകൾ എന്നീ മനുഷ്യ ഇടപെടലുകൾ മൂലമുണ്ടായ തീരമെന്നാണ്. ശേഷിച്ച 55 കീ. മീറ്റർ പ്രദേശം ഇതര കാരണങ്ങളാൽ നശിച്ചുകൊണ്ടിരിക്കുന്നു.
4. കേരളത്തിൽ സ്വാഭാവികമായ കടൽ തീരം കേവലം 215 കി. മീറ്റർ മാത്രമാണ്. ഈ സ്വാഭാവിക തീരങ്ങളിൽ കടൽതീര ദ്രവീകരണം (നശീകരണം) താരതമ്യേന കുറവാണ്. മാത്രമല്ല ഇതിൽ 140 കി. മീറ്ററോളം ഭാഗത്ത് കൂടുതൽ കര വരുന്നതായും കണ്ടുവരുന്നു.
5. മനുഷ്യനിർമ്മിത തീരപ്രദേശം മുഴുവൻ വിവിധ തോതിലുള്ള തീര നശീകരണ പാതയിലാണ്. ഇവ കടലാക്രമണ ഭീഷണിയിലാണ്. അതുകൊണ്ടുതന്നെ ഇവ തീരെ ദുർബല പ്രദേശങ്ങളാണ്.
6. തീരനശീകരണം ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുന്നത് തിരുവനന്തപുരം ജില്ലയിലും ഏറ്റവും കുറവ് തൃശ്ശൂർ ജില്ലയിലുമാണ്. എന്നാൽ കൂടുതൽ ദൃഢതയുള്ള തീരപ്രദേശവും തിരുവനന്തപുരം ജില്ലയിലാണ്.
7. സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലും തുറമുഖങ്ങൾ, ഹാർബറുകൾ, പുലിമുട്ടുകൾ എന്നിവ ലഭ്യമാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ സമീപ പ്രദേശങ്ങൾ വ്യത്യസ്ഥ രീതിയിലുള്ള തീരനശീകരണത്തെ അഭിമുഖീകരിക്കുന്നു.
8. കടലിന്റെ സ്വാഭാവിക രീതികൾക്ക് തടസം സൃഷ്ടിച്ചുകൊണ്ട് നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും (കടൽ ഭിത്തി, തുറമുഖങ്ങൾ, ഹാർബറുകൾ, കല്ലിടൽ, പുലിമുട്ടികൾ, വൻകിട നിർമ്മാണ പ്രവർത്തനങ്ങൾ, പൊഴിയെ അഴിയാക്കൽ, കൃത്രിമപ്പാരുകൾ തുടങ്ങിയവ) കടലാക്രമണ/ തീരദ്രവീകരണ പ്രശ്നങ്ങൾക്കുള്ള ഒരു താല്കാലിക പരിഹാരം മാത്രമാണ്. കാലാന്തരത്തിൽ ഇവ കൂടുതൽ ദോഷം വരുത്തുന്നതായി കണ്ടിട്ടുണ്ട്. കൂടാതെ മണൽ കൂനകൾ, ഉപ്പളങ്ങൾ, ബീച്ചുകൾ, അഴിമുഖങ്ങൾ എന്നിവകൾക്കും ഈ ഇടപെടൽ ദോഷം വരുത്തുന്നതായി അനുഭവപ്പെട്ടിട്ടുണ്ട്.
9. തീരപ്രദേശങ്ങളുടെ ഒരു സാറ്റലൈറ്റ് അറ്റ്ലസ് ബഹു. കേരള മുഖ്യമന്ത്രിക്ക് നൽകികൊണ്ട് ശ്രീ ജയറാം രമേശ് പ്രകാശനം ചെയ്തു. വേമ്പനാട്, അഷ്ടമുടി എന്നീ കായലുകളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്കുള്ള വിശദമായ പദ്ധതി തയ്യാറാക്കുന്നതിനും ഈ അറ്റ്ലസ് ഉപകാരപ്രദമാകുമെന്ന് ബഹു. വനം – പരിസ്ഥിതി മന്ത്രി വിശദീകരിച്ചു.

**മത്സ്യതൊഴിലാളികളുടെ പ്രതികരണം**

ബഹുമാനപ്പെട്ട മന്ത്രിയുടെ വെളിപ്പെടുത്തലുകളുടെ പത്ര റിപ്പോർട്ട് (ഹിന്ദു റിപ്പോർട്ടർക്ക് നന്ദി) തീരമേഖലയിൽ ഇന്ന് വ്യാപകമായി ചർച്ച ചെയ്യപ്പെടുന്നു. ശാസ്ത്രീയ അടിത്തറയിൽ വനം-പരിസ്ഥിതി മന്ത്രാലയം കണ്ടെത്തിയ വസ്തുതകൾ മത്സ്യതൊഴിലാളി സമൂഹം പൂർണ്ണമായി അംഗീകരിക്കുന്നു. ഇതൊക്കെ ഞങ്ങൾ മത്സ്യതൊഴിലാളികൾ ഏറെക്കാലമായി പറയുന്ന കാര്യമാണല്ലോ-ഇതായിരുന്നു തിരുവനന്തപുരത്തെ ഒരു മത്സ്യതൊഴിലാളിയുടെ പ്രതികരണം.

**മത്സ്യതൊഴിലാളികൾക്ക് അന്യമായിക്കൊണ്ടിരിക്കുന്ന തീരം**

വികസനം' എന്ന് ഓമനപ്പേരിൽ കടലോരത്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ മൂലം കേരളത്തിന്റെ തീരപ്രദേശം മത്സ്യതൊഴിലാളികൾക്ക് അന്യമായിക്കൊണ്ടിരിക്കുന്നു. 590 കി.മീറ്റർ ദൈർഘ്യമുള്ള സംസ്ഥാന കടലോരത്തിലെ 438 കി. മീറ്റർ കടലോര മത്സ്യതൊഴിലാളികളുടെ ജീവന പ്രവർത്തനങ്ങൾക്ക് നഷ്ടപ്പെട്ടിരിക്കുന്നു. കൃത്രിമ തീര നിർമ്മാണവുമായി ബന്ധിപ്പിച്ച് ശ്രീ. ജയറാം രമേശ് ചൂണ്ടിക്കാണിച്ച ചില തീരപ്രവർത്തനങ്ങളെപ്പറ്റി കുറേക്കൂടി സൂചിപ്പിക്കേണ്ടിയിരിക്കുന്നു.

**തുറമുഖങ്ങൾ**

ചെറുതും വലുതുമായ 20 തുറമുഖങ്ങളാണ് (നിലവിലുള്ളതുൾപ്പെടെ) കേരള തീരത്ത് സ്ഥാപിതമാകുന്നത്. കേരളത്തിന്റെ സമഗ്രവികസനത്തിന് തുറമുഖങ്ങൾ ആവശ്യമാണ്. പക്ഷേ കേരളം പോലുള്ള ചെറുസംസ്ഥാനത്തിന് ഇത്രയധികം തുറമുഖങ്ങൾ ആവശ്യമാണോ? തുറമുഖ പ്രദേശങ്ങളിലെല്ലാം പുലിമുട്ടു നിർമ്മാണം നടക്കും. പ്രത്യേക പ്രദേശമായി പ്രഖ്യാപിക്കും. മത്സ്യതൊഴിലാളികൾ ഒഴിവാക്കപ്പെടും. ഇവയിൽ ഏറ്റവും പ്രധാനം വിഴിഞ്ഞം തുറമുഖമാണ്. പൊതു സമൂഹത്തിന്റെ അഭിലാഷ പ്രകാരമാണ് വിഴിഞ്ഞം തുറമുഖം ആസൂത്രണം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തിന്റെ വികസനം മത്സ്യതൊഴിലാളി ആഗ്രഹിക്കുന്നതുകൊണ്ട് കുറച്ച് കഷ്ടനഷ്ടങ്ങൾ ഉണ്ടെങ്കിലും ഈ പദ്ധതിയെ മത്സ്യതൊഴിലാളികൾ എതിർത്തിട്ടില്ല. പദ്ധതിക്കായി ഇപ്പോൾ സർക്കാർ കണ്ടെത്തിയിരിക്കുന്ന സ്ഥലം മത്സ്യതൊഴിലാളികളെ ഭീമമായി ബാധിക്കുകയില്ലെന്നും, ബാധിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ കൂടി പരിപാടിയിൽ ഉൾപ്പെടുത്തുമെന്നും അധികാരികൾ ഉറപ്പു നൽകിയിട്ടുണ്ട്. എന്നാൽ ശ്രീ. ജയറാം രമേശിന്റെ പ്രസ്താവന ആശങ്ക ഉളവാക്കുന്നു. വിഴിഞ്ഞം പദ്ധതി പരിസ്ഥിതി ആഘാത പഠനത്തിന് വിധേയമാക്കും. ഈ വിദഗ്ധ സമിതിയുടെ പഠനം ഒരു വർഷത്തിനകം പൂർത്തിയാകും. പഠന വിഷയങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇപ്പോൾ കണ്ടെത്തിയ സ്ഥലം ഉൾപ്പെടെ പരിഗണിക്കും. എന്നാൽ ഇതര സമീപ പ്രദേശത്തേക്ക് മാറ്റണമോ എന്ന് പരിശോധിക്കും. ഇതര സമീപ പ്രദേശമെന്നാൽ മത്സ്യതൊഴിലാളി ജനസാന്ദ്രത ഏറ്റവും കൂടുതലായ പ്രദേശമാണെന്ന് നമ്മൾ ഓർമ്മിക്കേണ്ടതുണ്ട്. വിദഗ്ദ്ധ സമിതി റിപ്പോർട്ടുകൾ വിലയ്ക്ക് വാങ്ങാൻ ലഭിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. സോമതീരം ബീച്ചിനെയൊക്കെ സംരക്ഷിച്ച് കരുംകുളം പഞ്ചായത്തിലെ മത്സ്യതൊഴിലാളികളെ കഷ്ടത്തിലേക്ക് തള്ളിവിടുമോ എന്ന ആശങ്ക ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു

**ഹാർബറുകൾ**

മത്സ്യതൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യം എന്ന പേരിലാണ് ഹാർബറുകൾ നിർമ്മിക്കുന്നത്. ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു എന്നവകാശപ്പെടുന്ന 10 ഹാർബറുകൾ നിർമ്മാണത്തിലിരിക്കുന്ന 10 ഹാർബറുകൾ നിർമ്മാണം തുടങ്ങുന്ന 3 ഹാർബറുകൾ പ്രാരംഭ സർവ്വേ നടക്കുന്ന 4 ഹാർബറുകൾ എന്നതാണ് സർക്കാർ കണക്ക്. ഇതിൽ കൊച്ചിൻ ഹാർബർ ഒഴിവാ

ക്കിയാൽ ഏത് ഹാർബറാണ് തൃപ്തികരമായി പ്രവർത്തിക്കുന്നതെന്ന് ഒരു വിശകലനം ആവശ്യമായിരിക്കും. വിഴിഞ്ഞമോ നീണ്ടകരയോ? മുതലപ്പൊഴിയോ? ഈ ലിസ്റ്റ് നീണ്ടുപോകും. സംസ്ഥാനത്ത് എവിടെയൊക്കെ ഹാർബർ നിർമ്മിച്ചിട്ടുണ്ടോ ആപ്രദേശത്തിന്റെ വടക്കുള്ള പ്രദേശം ഗുരുതരമായ കടലാക്രമണ ഭീഷണിയിലാണ്. മൊത്തത്തിലുള്ള സാങ്കേതികതകളിലേക്കെത്താനും പോകുന്നില്ല. ഒരു ഉദാഹരണം മാത്രം. തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴി ഹാർബർ 14 കോടി രൂപ ഇതിനകം ചെലവഴിച്ചു. കഴിഞ്ഞ 5 വർഷമായി ഉത്ഘാടന ഉത്സവങ്ങൾ ആറെണ്ണം നടന്നു. പക്ഷേ ഒരു മത്സ്യബന്ധന യാനത്തിനും ഹാർബർ ചാനലിൽ കൂടി കായലിലേക്ക് കയറാൻ കഴിഞ്ഞിട്ടില്ല. പദ്ധതി ആരംഭിക്കുതിന് മുമ്പ് വർഷത്തിൽ 6 മാസം ഈ പൊഴി മത്സ്യതൊഴിലാളികൾ മത്സ്യബന്ധന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തിയിരുന്നു. ഹാർബർ നിർമ്മാണത്തോടെ പൊഴിയുടെ വടക്കുഭാഗത്തുള്ള താഴംപള്ളി ഗ്രാമത്തിലെ തീരപ്രദേശത്തുള്ള മിക്കവാറും വീടുകൾ നിലംപൊത്താറായി. പൂത്തുറ ഗ്രാമത്തിലെ വീടുകൾ ഭാഷണിയിലാണ്. അഞ്ചുതെങ്ങ് ഗ്രാമം വരെ കലാക്രമണ ഭീഷണി ഉണ്ടാകാമെന്ന് മത്സ്യതൊഴിലാളികൾ ആശങ്കപ്പെടുന്നു. ഇപ്പോൾ മുതലപ്പൊഴി ഹാർബറിൽ നടക്കുന്ന ഏക പ്രവർത്തനം സർക്കാരിന്റെ മണൽ വിൽപന മാത്രമാണ് ഹാർബറുകൾ മത്സ്യതൊഴിലാളികൾക്കാവശ്യമാണ് - അവ അത്യന്താപേക്ഷിതമായതും സുരക്ഷിതമായതുമായ അഴിപ്രദേശങ്ങളിൽ മാത്രം പൊഴികളെയെല്ലാം അഴികളാക്കിയുള്ള പരീക്ഷണ ശാലയായി തീരത്തെ ഉപയോഗിക്കരുത്. പ്രകൃതിയെ വെല്ലുവിളിക്കാൻ മനുഷ്യർ പ്രാപ്തനായിട്ടില്ല. ഹാർബർ നിർമ്മാണം മത്സ്യതൊഴിലാളികളുടെ സമ്മർദ്ദം മൂലമാണ് ഏറ്റെടുക്കുന്നത് എന്നത് ഒരു മുരട്ട് വാദം മാത്രമാണ്. ഈ ഡിമാന്റ് കൃത്രിമമായി സൃഷ്ടിച്ചെടുക്കുന്നതാണ്.

**കടൽഭിത്തി**

409 കിലോമീറ്റർ ദൂരത്തിൽ കേരളത്തിൽ കടൽഭിത്തികൾ നിർമ്മിച്ചു കഴിഞ്ഞു എന്ന് സർക്കാർ കണക്കുകൾ സൂചിപ്പിക്കുന്നു. (എക്കണോമിക് റിവ്യൂ 2010) ഇതിന് ചെലവായ കോടികളുടെ കണക്ക് അമ്പരപ്പിക്കുന്നതാണ്. ഇതുകൊണ്ടൊന്നും തീരത്തെ സംരക്ഷിക്കാൻ കഴിഞ്ഞിട്ടില്ല. കാരണം തീരത്തേക്ക് വരുന്ന തിരമാലകൾ തീരത്തുതന്നെ പതിച്ചേ തീരു

**തീരദേശ നിയന്ത്രണ നിയമം (2011)**

തീരദേശ നിയന്ത്രണ നിയമത്തിലെ ചില വ്യവസ്ഥകൾ തീര സംരക്ഷണത്തിന് സഹായകമാണ്. എന്നാൽ തീരത്തിനേയും തീരദേശത്തേയും നശിപ്പിക്കുന്ന ചില വ്യവസ്ഥകൾ കടന്നുകൂടിയിട്ടുണ്ട്. ന്യൂക്ലിയർ പവർ പ്ലാന്റുകൾ, ടൂറിസം പ്രോജക്ടുകൾ, ബഹുനില കെട്ടിടങ്ങൾ തുടങ്ങിയ ഒട്ടനവധി പ്രക്രിയകൾ അനുവദനീയ പട്ടികയിലോ, പ്രത്യേക അനുമതി പട്ടികയിലോ ഉൾപ്പെടുത്തിയിരിക്കുന്നു. ഇവയൊക്കെ തീരപ്രദേശത്തു തന്നെ ഉൾക്കൊള്ളണമോ എന്ന മത്സ്യതൊഴിലാളികളുടെ ചോദ്യം പ്രസക്തമാണ്.

**ഇനിയെങ്കിലും**

ക്രിത്രിമ തീരങ്ങൾ മൂലമാണ് തീരനശീകരണം പ്രധാനമായും സംഭവിക്കുന്നത് എന്ന് പരോക്ഷമായെങ്കിലും ശ്രീ. ജയറാം രമേശ് സൂചിപ്പിക്കുന്നു. ഈ സമീപനം മത്സ്യതൊഴിലാളികളും പരിസ്ഥിതി പ്രവർത്തകരും പൂർണ്ണമായും അംഗീകരിക്കുന്നു. "തിരമാലകളുടെ പ്രക്രിയമൂലം 50 മീറ്റർ തീരത്തിന് നാശം സംഭവിച്ചാൽ രണ്ടു വർഷം കൊണ്ട് തീരം പൂർവ്വസ്ഥിതിയിലെത്തും. മനുഷ്യന്റെ ഇടപെടലുകൾ മൂലം 50 മീറ്റർ തീരം നശിച്ചാൽ അത് സ്ഥായിയാണ്. ഈ സാഹചര്യത്തിലാണ് തീരസംരക്ഷണത്തിനായി വിജ്ഞാപനങ്ങളല്ല ഒരു സമഗ്രനിയമമാണ് വേണ്ടത് എന്ന് പരിസ്ഥിതി വാദികളും പരമ്പരാഗത മത്സ്യതൊഴിലാളി സമൂഹവും ആവശ്യപ്പെടുന്നത്.

# പ്രകൃതിവാതക പൈപ്പ് ലൈൻ: മത്സ്യമേഖല ആശങ്കയിൽ



ആലപ്പുഴ: തീരക്കടലിലൂടെയുള്ള കൊച്ചി, കായംകുളം പ്രകൃതിവാതക പൈപ്പുലൈൻ പദ്ധതി പുനപരിശോധിക്കണമെന്നാവശ്യപ്പെട്ട് കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷന്റെ നേതൃത്വത്തിൽ നടന്ന ജനകീയ കൺവെൻഷനിൽ പ്രതിഷേധമിരമ്പി. പദ്ധതിക്കെതിരെ ശക്തമായ ചെറുത്തുനിൽപ്പു സംഘടിപ്പിക്കാൻ കൺവെൻഷൻ തീരുമാനിച്ചു. കടലിലൂടെ പൈപ്പുലൈൻ സ്ഥാപിക്കുന്നത് മത്സ്യതൊഴിലാളികളിൽ ആശങ്കയ്ക്ക് ഇടയാക്കിയിട്ടുണ്ടെന്നും ഇതുമൂലം കടൽ മേഖലയിൽ ഉണ്ടാകാവുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങളെക്കുറിച്ച് സമഗ്രമായ ഒരു പഠനം അനുവാര്യമാണെന്നും കൺവെൻഷൻ ഉദ്ഘാടനം ചെയ്തുകൊണ്ട് മുൻ പാർലമെന്റ് അംഗം ടി. ജെ. ആഞ്ചലോസ് പറയുകയുണ്ടായി. ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് ടി.പീറ്റർ അദ്ധ്യക്ഷത വഹിച്ചു. സാങ്കേതിക വിദ്യയിൽ ഏറെ മുന്നിൽ നിൽക്കുന്ന ജപ്പാനിലെ ഭൂക്കുഷിമയിൽ അടുത്തിടെയുണ്ടായ ആണവ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടലിലൂടെപൈപ്പ് ലൈൻ സ്ഥാപിച്ച് പ്രകൃതിവാതകം എത്തിക്കുക എന്നത് അപകടം വിളിച്ചു വരുത്തുന്ന പ്രക്രീയയാണെന്ന് ടി. പീറ്റർ പറഞ്ഞു. ട്രോളിംഗ് ബോട്ടുകളും കടലിന്റെ അടിത്തട്ടിൽ ഉപയോഗിക്കുന്ന വിവിധതരം വലകളും ഉപയോഗിച്ചാണ് മത്സ്യതൊഴിലാളികൾ മീൻ പിടുത്തത്തിൽ ഏർപ്പെടുന്നത്. ഇത്തരം വലകൾ നശിക്കാൻ ഇത് ഇടവരുത്തും. അതുകൊണ്ട് തന്നെ ഈ പദ്ധതി ഉപേക്ഷിക്കാൻ സർക്കാർ തയ്യാറാകണമെന്നും, അല്ലാത്ത പക്ഷം കടലിലും കരയിലും ശക്തമായ മത്സ്യതൊഴിലാളി പ്രക്ഷോഭത്തിന് ഫെഡറേഷൻ നേതൃത്വം നൽകുമെന്ന് ടി.പീറ്റർ മുന്നറിയിപ്പ് നൽകി.

ഫെഡറേഷൻ ജനറൽ സെക്രട്ടറി പി.പി. ജോൺ, ജില്ലാ പ്രസിഡന്റ് കെ. ബാബു ഒറ്റമശ്ശേരി, സെക്രട്ടറി ജാക്സൺ പൊള്ളയിൽ, മാഗ്ളിൻ പീറ്റർ, ആന്റണി സേവ്യർ എന്നിവർ പ്രസംഗിച്ചു.

# ആശാപുര ക്ലേഫാക്ടറിയിലേക്ക് തദ്ദേശവാസികളുടെ ജനകീയ മാർച്ച്

കഴക്കൂട്ടം: ആശാപുര ക്ലേ ഫാക്ടറിയിൽ നിന്നും പുറന്തള്ളുന്ന വായു-ജല മലിനീകരണം തദ്ദേശവാസികൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി തുമ്പ ഇടവക ആക്ഷൻ കൗൺസിൽ ആരോപിച്ചു. ഫാക്ടറിക്ക് സമീപമുള്ള എല്ലാ കിണറുകളും മലിനീകരിക്കപ്പെട്ടു. ശുദ്ധവായു ശ്വസിക്കുവാൻ പോലും കഴിയാത്ത സാഹചര്യമാണ് അവിടെയുള്ളത്. ഫാക്ടറി പുറന്തള്ളുന്ന ഖരമാലിന്യം സംസ്കരിക്കുവാൻ പോലും ഫാക്ടറി അധികൃതർ തയ്യാറാകുന്നില്ല. ഈ പശ്ചാത്തലത്തിലാണ് ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ തദ്ദേശവാസികൾ ആശാപുര ക്ലേ ഫാക്ടറിലേക്ക് ജനകീയ മാർച്ച് സംഘടിപ്പിച്ചത്. വി.ശശി എം.എൽ.എ. മാർച്ച് ഉത്ഘാടനം ചെയ്തു. ഫാ. ജെറോം ഫെർണാണ്ടസ്, ഫാ. ജോർജ്ജ് പോൾ, സി.മോഹനചന്ദ്രൻ, ആറ്റിപ്ര സദാനന്ദൻ, ടി.പീറ്റർ, ജോളി പത്രോസ്, പഞ്ചായത്ത് പ്രസിഡന്റ് ടെൽമ ജോൺ, എച്ച്.പി. ഷാജി തുടങ്ങിയവർ പ്രസംഗിച്ചു.

## മത്സ്യത്തൊഴിലാളികൾ സെക്രട്ടറിയേറ്റിലേക്ക് മാർച്ചു ചെയ്തു

തിരുവനന്തപുരം: തീരദേശ ഗ്രാമങ്ങളിൽ വിവിധതരം പനിയും മറ്റു രോഗങ്ങളും വ്യാപിച്ചിരിക്കുമ്പോൾ ആരോഗ്യവകുപ്പ് വേണ്ടത്ര പരിഗണന നൽകാത്തതിൽ പ്രതിഷേധിച്ച് കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷന്റെ നേതൃത്വത്തിൽ മത്സ്യതൊഴിലാളികൾ ഹെൽത്ത് ഡയറക്ടറേറ്റിലേക്കും തുടർന്ന് സെക്രട്ടറിയേറ്റിലേക്കും മാർച്ചു നടത്തി. ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് ടി.പീറ്റർ മാർച്ച് ഉദ്ഘാടനം ചെയ്തു. നഗര മാലിന്യങ്ങൾ തീരത്തേയ്ക്ക് ഒഴുക്കി വിടാൻ ഇനി ആരേയും അനുവദിക്കുകയില്ലെന്നും വേണ്ടിവന്നാൽ വേളി, പൂന്തുറ പൊഴുമുഖങ്ങൾ തുറക്കാൻ അനുവദിക്കില്ലെന്നും ടി. പീറ്റർ പറയുകയുണ്ടായി. വലിയതുറയിലെ സ്വീവേജ് ഫാമിൽ ആധുനിക രീതിയിൽ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുമെന്ന സർക്കാർ വാഗ്ദാനം ജലരേഖയായി മാറിയിരിക്കുന്നു. നഗരമാലിന്യങ്ങൾ പാർവ്വതി പുത്തനാർ വഴി കടലിലേയ്ക്ക് ഒഴുക്കുന്നത് തീരദേശനിയന്ത്രണ വിജ്ഞാപനത്തിന് എതിരാണ്. തീരദേശത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ വേണ്ടത്ര മരുന്നും സ്റ്റാഫും ഇല്ലാത്തത് രോഗികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ഇടയാക്കുന്നു. വർഷകാലത്തെങ്കിലും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ 24 മണിക്കൂറും പ്രവർത്തിപ്പിക്കുവാനുള്ള നടപടി കൈക്കൊള്ളണമെന്ന് ടീ. പീറ്റർ ആവശ്യപ്പെട്ടു.

ജില്ലാ സെക്രട്ടറി ആന്റോ ഏലിയാസ്, ജെ.പി. ജോൺ, സിസ്റ്റർ മേഴ്സി, മാഗ്ലിൻ പീറ്റർ, പുഷ്പറാണി ലീൻ, ജെർമി, രാജി, ലീജിയാന്യൂട്ടൺ എന്നിവർ പ്രസംഗിച്ചു.

## തുറമുഖ റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുക

കൊല്ലം: തങ്കശ്ശേരി മുതൽ പോർട്ട് കൊല്ലം വരെയുള്ള തുറമുഖ റോഡിന്റെ നിർമ്മാണം ഫണ്ടു അനുവദിക്കാത്തതുമൂലം നിർത്തിവച്ചതിനാൽ മത്സ്യതൊഴിലാളികൾക്ക് ശക്തമായ പ്രതിഷേധമുണ്ട്.

റോഡുനിർമ്മിക്കുന്ന കരാറുകാരനു ഒരു കോടിയിൽപ്പരം രൂപ നൽകാനുണ്ട്. തുറമുഖ റോഡിന്റെ നിർമ്മാണം പൂർത്തിയായെങ്കിൽ മാത്രമെ പോർട്ട് കൊല്ലത്ത് ലേലഹാളും തുറമുഖ മേഖലയിൽ ലോക്കർ റൂമുകളും സ്ഥാപിക്കുവാൻ കഴിയുകയുള്ളു.

തുറമുഖ റോഡിന്റെ നിർമ്മാണത്തിനു കേന്ദ്ര സർക്കാർ അനുവദിച്ച തുകയുടെ അപര്യാപ്തതയാണ് ഇപ്പോഴത്തെ സ്തംഭനാവസ്ഥയ്ക്ക് കാരണമെന്നറിയുന്നു. കൊല്ലം തുറമുഖ വികസനം യാഥാർത്ഥ്യമായി മത്സ്യതൊഴിലാളികൾക്കു പ്രയോജനപ്രദമാകണമെങ്കിൽ ഇനി ആവശ്യമായി വരുന്ന തുക സംസ്ഥാന സർക്കാർ അനുവദിച്ചു നൽകണമെന്നും തുറമുഖ റോഡിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിന് നടപടി കൈക്കൊള്ളണമെന്നും കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ ജില്ലാ പ്രസിഡന്റ് എസ്. ഫ്രാൻസിസും, സെക്രട്ടറി എ. ആൻഡ്രൂസും ആവശ്യപ്പെട്ടു

## മത്സ്യത്തൊഴിലാളികൾ മനുഷ്യചങ്ങല തീർത്തു



ചേർത്തല: ചേന്നവേലി ഭാഗത്ത് കടലാക്രമണം തടയാൻ അടിയന്തിര നടപടി സ്വീകരിച്ചില്ലെങ്കിൽ കളക്ട്രേറ്റിന് മുമ്പിൽ മത്സ്യതൊഴിലാളികൾ കുടിൽ കെട്ടി സമരം നടത്തുമെന്ന് കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ ജനറൽ സെക്രട്ടറി പി.പി. ജോൺ പറഞ്ഞു. ശാസ്ത്രീയമായി കടൽഭിത്തി നിർമ്മിക്കണമെന്നാവശ്യപ്പെട്ട് ചേന്നവേലി കടലോരത്ത് ഫെഡറേഷൻ സംഘടിപ്പിച്ച മനുഷ്യ ചങ്ങല ഉദ്ഘാടനം ചെയ്യുകയായിരുന്നു പി.പി. ജോൺ. അശാസ്ത്രീയമായ കടൽഭിത്തി നിർമ്മാണം ടൂറിസ്റ്റ് ലോബികൾക്ക് മാത്രമേ ഉപകരിക്കുന്നുള്ളു. എല്ലാ വീടുകളും സംരക്ഷിക്കത്തക്കവിധം ശാസ്ത്രീയമായി കടൽഭിത്തി നിർമ്മിക്കണമെന്നാണ് ഫെഡറേഷന്റെ ആവശ്യം.

ജില്ലാ പ്രസിഡന്റ് കെ. ബാബു ഒറ്റമശ്ശേരി, സെക്രട്ടറി ജാക്സൺ പൊള്ളയിൽ, പോൾ എഴുപുന്ന, ആന്റണി ആറാട്ടുവഴി, സജി മൂപ്പശ്ശേരിൽ, തങ്കൻ കാക്കരിയിൽ, ബിജു ആന്റപ്പൻ എന്നിവർ പ്രസംഗിച്ചു.

മത്സ്യതൊഴിലാളികളുടെ പ്രതിഷേധ സമരത്തെ തുടർന്ന് കേന്ദ്ര മന്ത്രി കെ.സി. വേണുഗോപാൽ സ്ഥലം സന്ദർശിക്കുകയും 65 ലക്ഷം രൂപ ചെലവഴിച്ച് ശാസ്ത്രീയമായ കടൽഭിത്തി നിർമ്മാണം ഉടൻ ആരംഭിക്കുമെന്ന് ഉറപ്പു നൽകുകയും ചെയ്തു.

## കോ–ഓർഡിനേഷൻ കമ്മിറ്റി മുഖ്യമന്ത്രിയുമായി ചർച്ച നടത്തും

എറണാകുളം: മത്സ്യമേഖല നേരിടുന്ന മുഖ്യവിഷയങ്ങൾ ചർച്ച ചെയ്യുവാൻ എറണാകുളം ഗസ്റ്റ് ഹൗസിൽ കൂടിയ കേരള ഫിഷറീസ് കോ-ഓർഡിനേഷൻ കമ്മിറ്റി മുഖ്യമന്ത്രിയെ നേരിൽ കണ്ട് നിവേദനം നടത്താൻ തീരുമാനിച്ചു. കോ-ഓർഡിനേഷൻ കമ്മിറ്റി ചെയർമാൻ വി. ദിനകരൻ, ജനറൽ കൺവീനർ വി.വി. ശശീന്ദ്രൻ, ടി.ജെ. ആഞ്ചലോസ്, എ.ബി. മാത്യു മാസ്റ്റർ, ജോസഫ് സേവ്യർ കളപ്പുരയ്ക്കൽ, ടി. പീറ്റർ, ചാൾസ് ജോർജ്ജ് എന്നിവരടങ്ങുന്ന സബ്കമ്മിറ്റിക്ക് രൂപം നൽകി.

## മത്സ്യവിപണനയിടം പുനസ്ഥാപിച്ചു

കഴക്കൂട്ടം: ദീർഘകാലമായി കണിയാപുരം ബസ്സ് ഡിപ്പോയ്ക്ക് സമീപം അന്തിച്ചന്തയിൽ മത്സ്യ വിപണനത്തിൽ ഏർപ്പെട്ടുവന്ന സ്ത്രീകളെ അണ്ടൂർക്കോണം പഞ്ചായത്ത് അധികൃതരും ഒരു സംഘം ഗുണ്ടകളും ചേർന്ന് വിരട്ടിയോടിച്ചു. മത്സ്യവിപണന സ്ത്രീകൾ പോലീസിനും ബന്ധപ്പെട്ട അധികാരികൾക്കും പരാതി നൽകിയിട്ടും യാതൊരു ഫലവും ഉണ്ടായില്ല. കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷന്റെ വനിതാ വിഭാഗമായ തീരദേശ മഹിളാ വേദി ഇടപെടുകയും വഴിയോര ചന്ത പുനസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് രംഗത്തെത്തി. നിത്യവും മീനുമായി സ്ത്രീകൾ എത്തുമ്പോൾ പഞ്ചായത്ത് അധികൃതർ ആ മത്സ്യം എടുത്തുകൊണ്ടുപോകുക പതിവാക്കി. സ്ത്രീകൾ എന്തിനും തയ്യാറായി പ്രതിരോധം സൃഷ്ടിച്ചു തുടങ്ങി. പോലീസ് നോക്കി നിൽക്കെ ഗുണ്ടകളും പഞ്ചായത്ത് അധികൃതരും സ്ത്രികളുടെ നേർക്ക് ആക്രമണം അഴിച്ചുവിട്ടു. ഫെഡറേഷൻ ഭാരവാഹികളും തീരദേശ മഹിളാവേദിയും വിവിധ ട്രേഡ് യൂണിയൻ നേതാക്കളും സ്ത്രീകളുടെ സംരക്ഷണത്തിനായി രംഗത്ത് എത്തിയതോടെ ഗുണ്ടകളും പഞ്ചായത്ത് അധികൃതരും പിൻവാങ്ങി. സ്ത്രീകൾ കൊണ്ടുവരുന്ന വിലപിടിപ്പുള്ള മത്സ്യം എടുത്തുകൊണ്ടുപോകുക പതിവാക്കിയ ഗുണ്ടകളെ അറസ്റ്റ് ചെയ്യണമെന്നും സ്ത്രീകൾക്ക് സ്വതന്ത്രമായി മത്സ്യ വിപണനം നടത്താൻ സൗകര്യം ഒരുക്കണമെന്നും ആവശ്യപ്പെട്ട് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്കും പോലീസ് അധികൃതർക്കും തീരദേശ മഹിളാ വേദി വീണ്ടും പരാതി നൽകയതിനെ തുടർന്ന് ആറ്റിങ്ങൽ ഡി.വൈ.എസ്.പി. യുടെ അദ്ധ്യക്ഷതയിൽ കൂടിയ അനുരഞ്ചന യോഗത്തിൽ സ്ത്രീകൾക്ക് മത്സ്യ വിപണനത്തിനുള്ള സൗകര്യം നൽകാമെന്ന് ധാരണയുണ്ടാക്കി. പഞ്ചായത്ത് പ്രസിഡന്റ്, ജനപ്രതിനിധികളായ എം.ആർ. രവി, ജോളി പത്രോസ്, ട്രേഡ് യൂണിയൻ നേതാക്കളായ ടി.പീറ്റർ, സ്നാഗപ്പൻ, ആന്റോ ഏലിയാസ്, മാഗ്ലിൻ പീറ്റർ, വലേരിയൻ ഐസക്, എഫ്. ജെ. ടെന്നിസൺ എന്നിവൻ ചർച്ചയിൽ പങ്കെടുത്തു.

Printed and Published for Thiruvananthapuram District Fishermen's Union (Reg. No. 93/80) at Caxton Press, Vettucaud, Thiruvananthapuram, Ph: 2500685
Editor : T. Peter, Phone : 0471-3012196, Mobile : 9447429243, E-mail: admin@alakal.net, peter.ksmtf@gmail.com